**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 844** **17-09-2025 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളിലെ ഒരേ തസ്തികക്ക് യോഗ്യത ഏകീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിവിധ ദേവസ്വം ബോർഡുകളിലെ ഒരേ തസ്തികക്ക് പല യോഗ്യതകൾ വെച്ച് അപേക്ഷകൾ ക്ഷണിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ മറികടന്ന് മിക്ക ദേവസ്വം ബോർഡുകളും സ്വയം യോഗ്യതകൾ നിശ്ചയിക്കുന്നതായുള്ള ആക്ഷേപം വസ്തുതാപരമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | ദേവസ്വം ബോർഡുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നൽകുന്ന അർത്ഥനാപത്രത്തിൽ പരാമർശിച്ചിട്ടുള്ള സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾ പ്രകാരമാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളുടെ യോഗ്യത നിശ്ചയിക്കുന്നത് നിയമനാധികാരികളായ അതാത് ദേവസ്വം ബോർഡുകളാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി, കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി എന്നീ ദേവസ്വങ്ങൾക്കാണ് നിലവിൽ സ്പെഷ്യൽ റൂൾ ഉള്ളത്. കൊച്ചിൻ ദേവസ്വം ബോർഡിന് നിലവിൽ സ്പെഷ്യൽ റൂൾ ഇല്ല. കൊച്ചിൻ ദേവസ്വം ബോർഡ് തീരുമാനപ്രകാരമുള്ള യോഗ്യതകൾ നിശ്ചയിച്ചാണ് ഒഴിവുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് റിപ്പോർട്ട് ചെയ്യുന്നത്. |
| (സി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഉത്തരവാദിത്തം എന്താണെന്നും ഏത് ഉദ്ദേശ്യത്തോടെയാണ് ഇത് നിലവിൽ വന്നതെന്നും വിശദമാക്കാമോ; | (സി) | ദേവസ്വം ബോർഡുകളിലെ അഴിമതികളെക്കുറിച്ച് അന്വേഷിക്കുവാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിയമിച്ച ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണൻ അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതി ദേവസ്വങ്ങളിൽ നിലനിന്നിരുന്ന അഴിമതിയും, സ്വജനപക്ഷപാതവും കണ്ടെത്തുകയും, ഇതിന് പരിഹാരമായി ഉന്നത നിലവാരമുള്ള ഒരു പ്രത്യേക ബോർഡിന് ദേവസ്വങ്ങളുടെ നിയമനം കൈമാറണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ അഞ്ചു ദേവസ്വം ബോർഡുകളിലെ |

| | | | |
|---|---|---|---|
| | | | പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ നേരിട്ട് നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമനങ്ങൾക്കുവേണ്ടി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ടും, റൂളും 2015-ൽ നിലവിൽ വന്നു.<br><br>2015 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് പ്രകാരം, കേരളത്തിലെ 5 ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ള എല്ലാ തസ്തികകളിലേയ്ക്കും (സ്ഥിരം നിയമനങ്ങൾ) അതാത് ദേവസ്വം ബോർഡിലെ സ്പെഷ്യൽ റൂൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് എഴുത്ത് പരീക്ഷ / പ്രായോഗിക പരീക്ഷ / ഇന്റർവ്യൂ എന്നിവ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റഗുലേഷൻ 2016 ൽ 19.11.2019 ലെ എക്സ്ട്രാ ഓർഡിനറി ഗസറ്റ് നം. 2830 ൽ പ്രസിദ്ധീകരിച്ച SRO No. 905/2015 ഭേദഗതി പ്രകാരമുള്ള റൊട്ടേഷൻ ചാർട്ട് അനുസരിച്ച് നിയമന ശിപാർശ നൽകി വരുന്ന സ്വയം ഭരണ സ്ഥാപനമാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്. |
| (ഡി) | ദേവസ്വം ബോർഡുകളിൽ ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ തസ്തികകളിൽ ഒഴിവുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; | (ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലാണ് ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ എന്ന തസ്തികയുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയിലേക്ക് റിപ്പോർട്ട് ചെയ്ത 113 (നൂറ്റിപതിമൂന്ന്) ഒഴിവുകളിലേയ്ക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | ഈ തസ്തികകളിലേക്കുള്ള പരീക്ഷയ്ക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ എപ്പോഴാണ് അപേക്ഷ ക്ഷണിച്ചതെന്ന് വ്യക്തമാക്കാമോ; | (ഇ) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയിലേക്ക് റിപ്പോർട്ട് ചെയ്ത 113 (നൂറ്റിപതിമൂന്ന്) ഒഴിവുകളിലേക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 01.09.2025 തീയതിയിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (എഫ്) | ഈ തസ്തികയ്ക്ക് നേരത്തെയുള്ള യോഗ്യത എന്തായിരുന്നുവെന്നും എന്നാൽ ഇപ്പോൾ ഇറക്കിയ വിജ്ഞാപന പ്രകാരം പുതിയ യോഗ്യത എന്താണെന്നും വ്യക്തമാക്കാമോ; | (എഫ്) | കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 18.05.2022 ൽ വിജ്ഞാപനം പുറപ്പെടുവിച്ച തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി.ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയുടെ (കാറ്റഗറി നം. 08/2022) യോഗ്യത ചുവടെ ചേർക്കുന്നു.<br>യോഗ്യത – എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത. |

| | | | |
|---|---|---|---|
| | | | ROC No. 245/09/Est – 1 നമ്പർ ഉത്തരവ് പ്രകാരം 20.06.2022 തീയതിയിൽ പ്രസിദ്ധപ്പെടുത്തിയ Travancore Devaswom Board Officers' and Servants' Service Rules, 2022 പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി.ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയുടെ യോഗ്യതയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അതിൻപ്രകാരം 01.09.2025 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ നൽകിയ യോഗ്യത ചുവടെ ചേർക്കുന്നു.<br>യോഗ്യത – i) പ്ലസ് ടു അല്ലെങ്കിൽ തത്തുല്യം.<br>ii) സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള കംപ്യൂട്ടർ വേഡ് പ്രോസസിങ്ങ് സർട്ടിഫിക്കറ്റ്. |
| (ജി) | ഏകീകൃതമായി പരീക്ഷാ യോഗ്യതയിലോ നടത്തിപ്പിലോ വേണ്ട ഇടപെടലുകൾ നടത്താൻ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് കഴിയുന്നില്ലെന്ന വിലയിരുത്തൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | (ജി) | ദേവസ്വം ബോർഡുകൾ റിപ്പോർട്ട് ചെയ്യുന്ന സമാനയോഗ്യത ഉള്ള വിവിധ തസ്തികകളുടെ തെരഞ്ഞെടുപ്പ് ഏകീകൃതമായി നടത്തുന്നതിനുള്ള നടപടികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സ്വീകരിച്ചിട്ടുള്ളതാണ്. എന്നാൽ ദേവസ്വം ബോർഡുകളിലെ തസ്തികകളുടെ യോഗ്യത നിശ്ചയിക്കുന്നത് നിയമനാധികാരികളായ അതാത് ദേവസ്വം ബോർഡുകളാണ്. |

സെക്ഷൻ ഓഫീസർ